നമ്പർ. എസ്.സി.റ്റി(1)24915/2012.　　സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി, 25.8.2012

**<u>സർക്കുലർ നമ്പർ.35/2012</u>**

വിഷയം – സഹകരണ വകുപ്പ് –പട്ടികജാതി/പട്ടികവർഗ്ഗ വനിതാ സഹകരണ സംഘങ്ങൾക്ക് കീഴിലുള്ള സ്വാശ്രയ സംഘങ്ങൾക്ക് ഇൻസന്റീവ് അനുവദിക്കുന്നത്– മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്– സംബന്ധിച്ച്.

സൂചന –
1. സർക്കാരിന്റെ 29.3.2001–ലെ സ.ഉ(എം.എസ്)62/01/സഹ.നം. ഉത്തരവ്.
2. സർക്കാരിന്റെ 9.5.08–ലെ സ.ഉ(എം.എസ്)120/08/സഹ.നം. ഉത്തരവ്.
3. സർക്കാരിന്റെ 28.1.11–ലെ സ.ഉ(എം.എസ്)15/11/സഹ.നം. ഉത്തരവ്.

........

പരാമർശം (1)–ലെ സർക്കാർ ഉത്തരവ് പ്രകാരം പ്രാഥമിക സഹകരണ സംഘങ്ങളിൽ രൂപീകരിക്കുന്ന സഹകരണ സ്വാശ്രയ പദ്ധതിയ്ക്ക് വ്യക്തത വരുത്തി ഉത്തരവായിരുന്നു. പരാമർശം (2) പ്രകാരം പ്രസ്തുത പദ്ധതിയിൽ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിൽ രൂപീകരിക്കുന്ന സ്വാശ്രയ സംഘങ്ങളെയും പരാമർശം (3) പ്രകാരം വനിതാ സംഘങ്ങളിൽ രൂപീകരിക്കുന്ന സ്വാശ്രയ സംഘങ്ങളെയും കൂടി ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2012–13 സാമ്പത്തിക വർഷത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വനിതാ സഹകരണ സംഘങ്ങളിൽ രൂപീകരിക്കുന്ന സ്വാശ്രയ സംഘങ്ങൾക്ക് ഇൻസന്റീവ് നൽകുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്. ടി ഇൻസന്റീവ് നൽകുന്നത് സംബന്ധിച്ച് ചുവടെ പരാമർശിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഫണ്ടുകളുടെ ലഭ്യതയ്ക്കനുസൃതമായി പട്ടികജാതി/പട്ടികവർഗ്ഗ വനിതാ സഹകരണ സംഘങ്ങൾക്ക് ഇൻസന്റീവ് അനുവദിക്കുന്നതിനുള്ള പരമാധികാരം സഹകരണ സംഘം രജിസ്ട്രാറിൽ നിക്ഷിപ്തമായിരിക്കും.

2. ഓരോ സ്വാശ്രയ സംഘത്തിനും പ്രാഥമിക ചെലവുകൾക്കുള്ള സാമ്പത്തിക സഹായമായി 1000/– രൂപാ വരെ ഇൻസന്റീവായി നൽകാവുന്നതാണ്. ഓരോ ഗ്രൂപ്പിനും 10 മുതൽ 20 വരെ അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. 9.5.2008–നു ശേഷം പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങളുടെ കീഴിൽ രൂപീകരിച്ചിട്ടുള്ള സ്വാശ്രയ ഗ്രൂപ്പുകൾക്കും 28.1.2011–നു ശേഷം വനിതാ സഹകരണ സംഘങ്ങളുടെ കീഴിൽ രൂപീകരിച്ചിട്ടുള്ള സ്വാശ്രയ ഗ്രൂപ്പുകൾക്കും ഈ ധന സഹായത്തിന് അർഹത ഉണ്ടായിരിക്കും. ഒരു ഗ്രൂപ്പിന് ഒരു പ്രാവശ്യം മാത്രമേ ഈ ധനസഹായത്തിന് അർഹത ഉണ്ടായിരിക്കുകയുള്ളു.

3. ഇൻസന്റീവിനുള്ള പ്രൊപ്പോസലുകൾ ചുവടെ പരാമർശിക്കുന്ന രേഖകൾ സഹിതം സഹകരണസംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.

   എ. ഈ മാർഗ്ഗ നിർദ്ദേശങ്ങളോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്ന ഫോറം എ –യിലുള്ള അപേക്ഷ.

   ബി. ഇൻസന്റീവിന് അപേക്ഷിച്ചുകൊണ്ടും പദ്ധതിയുടെ വ്യവസ്ഥകൾ പാലിച്ചുകൊള്ളാമെന്നും ഭരണസമിതി തീരുമാനം.

   സി. സംഘം അഴിമതി രഹിതമാണ് എന്നു തെളിയിക്കുന്ന സാക്ഷ്യപത്രം

   ഡി. സ്വാശ്രയ സംഘങ്ങൾ സംഘത്തിന് കീഴിലാണ് പ്രവർത്തിക്കുന്നത് എന്ന് തെളിയിക്കുന്ന യൂണിറ്റ് ഇൻസ്പെക്ടർ സാക്ഷ്യപ്പെടുത്തി അസിസ്റ്റന്റ് രജിസ്ട്രാർ മേലൊപ്പു വച്ച സാക്ഷ്യപത്രം.

   ഇ. സംഘത്തിന്റെ കീഴിലുള്ള സ്വാശ്രയ ഗ്രൂപ്പുകളുടെ എണ്ണവും, പ്രവർത്തനം ആരംഭിച്ച തീയതിയും.

4. നിലവിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി സഹകരണസംഘം രജിസ്ട്രാർക്ക് ഇൻസന്റീവ് അനുവദിച്ചു നൽകാവുന്നതാണ്.

5. ഏതെങ്കിലും ഒരു സംഘം തൃപ്തികരമായി പ്രവർത്തിക്കുന്നില്ല എന്നോ അനുവദിച്ച തുക ശരിയായി വിനിയോഗിക്കുന്നില്ല എന്നോ സഹകരണ സംഘം രജിസ്ട്രാർക്ക്/ ജോയിന്റ് രജിസ്ട്രാർക്ക് ബോദ്ധ്യപ്പെടുന്ന പക്ഷം സംഘത്തിനുള്ള ധനസഹായം നിർത്തിവയ്ക്കുന്നതിന് സഹകരണസംഘം രജിസ്ട്രാർക്ക്/ജോയിന്റ് രജിസ്ട്രാർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

6. ഇൻസന്റീവിന് അർഹമായ സംഘം, തുക പിൻവലിക്കുന്നതിന് മുന്നോടിയായി അനുവദിച്ച തുക യഥാവിധി അക്കൗണ്ടിലേയ്ക്ക് കൊണ്ടുവന്നിട്ടുണ്ട് എന്നും. ഏത് ആവശ്യത്തിനാണോ തുക അനുവദിച്ചിട്ടുള്ളത് പ്രസ്തുത ആവശ്യത്തിന് തന്നെ തുക വിനിയോഗിക്കുന്നുവെന്നും ഒരു കരാർ ഒപ്പുവയ്ക്കേണ്ടതാണ്.

7. സംഘങ്ങൾക്ക് അനുവദിക്കുന്ന ഇൻസെന്റീവിന്റെ ശരിയായ വിനിയോഗത്തിന് മേൽനോട്ടം വഹിക്കുന്നതിനും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുമുള്ള അധികാരം അതാത് ജില്ലാ ജോയിന്റ് രജിസ്ട്രാർമാരിൽ നിക്ഷിപ്തമായിരിക്കും.

**(ഒപ്പ്),**
**കെ.വി. സുരേഷ്ബാബു,**
**സഹകരണസംഘം രജിസ്ട്രാറുടെ ചുമതല**
**വഹിക്കുന്ന അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്).**

// ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (എസ്.സി.റ്റി/പി.റ്റി)

## അനുബന്ധം – 1

## ഫോറം. എ

പട്ടികജാതി /പട്ടിക വർഗ്ഗ വനിതാ സഹകരണ സംഘങ്ങളിൽ രൂപീകരിക്കുന്ന സ്വാശ്രയ ഗ്രൂപ്പുകൾക്ക് ഇൻസന്റീവ് ലഭ്യമാകുന്നതിനുള്ള അപേക്ഷാ ഫോറം.

1. എ. സംഘത്തിന്റെ പേരും പൂർണ്ണ മേൽ വിലാസവും :
   (താലൂക്ക്, ജില്ല, പിൻകോഡ് എന്നിവ സഹിതം)

   ബി. സംഘത്തിന്റെ രജിസ്ട്രേഷൻ നമ്പരും :
   രജിസ്റ്റർ ചെയ്ത തീയതിയും.

   സി. ആഡിറ്റ് തരംതിരിവ് :

   ഡി. സംഘത്തിന്റെ പ്രവർത്തന പരിധി :

   ഇ. (തെരഞ്ഞെടുക്കപ്പെട്ട) ഭരണസമിതി/ :
   അഡ്മിനിസ്ട്രേറ്റർ/അഡ്മിന്സ്ട്രേറ്റർമാർ/
   അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി

   എഫ്. സംഘത്തിനു കീഴിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള :
   സ്വാശ്രയ സംഘങ്ങളുടെ എണ്ണവും ഓരോ
   സംഘത്തിലെയും അംഗങ്ങളുടെ എണ്ണവും

2. അംഗത്വവും പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനവും :
   a. എ ക്ലാസ്
   b. ബി ക്ലാസ്
   c. സി ക്ലാസ് (നോമിനൽ)

3. സംഘത്തിന്റെ സാമ്പത്തിക സ്ഥിതി :
   a. പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം :
   b. വായ്പ ബാക്കി നിൽപ്പ് :
   c. ആർജ്ജിത ലാഭം/ നഷ്ടം :

4. ആഡിറ്റ് തരംതിരിവ് :
   (ഏറ്റവും ഒടുവിൽ ലഭ്യമായ ആഡിറ്റ്
   സർട്ടിഫിക്കറ്റ് പ്രകാരം)

5. സംഘം അഴിമതി രഹിതമാണോ എന്നത് :

ഞങ്ങൾ ....................................................(പ്രസിഡന്റ്/ ചെയർമാൻ/ ഭരണസമിതി അംഗം) .............................................(സെക്രട്ടറി/മാനേജിംഗ് ഡയറക്ടർ) ....................................................സംഘം ക്ലിപ്തം നം.........................മേൽ പരാമർശിച്ച അപേക്ഷ പ്രകാരം സ്വാശ്രയ ഗ്രൂപ്പുകൾക്കുള്ള ഇൻസന്റീവ് എന്ന നിലയ്ക്ക് അപേക്ഷിച്ചിട്ടുള്ള ധനസഹായം അനുവദിച്ചു നൽകണമെന്ന് ഇതിനാൽ അപേക്ഷിക്കുന്നു.

സർക്കാർ നൽകുന്ന സാമ്പത്തിക സഹായവുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ പാലിച്ചു കൊള്ളാമെന്നും സർക്കാർ/ സഹകരണസംഘം രജിസ്ട്രാർ ആവശ്യപ്പെടുന്ന എല്ലാ റിപ്പോർട്ടുകളും വിവരങ്ങളും ലഭ്യമാക്കിക്കൊള്ളാമെന്നും ഇതിനാൽ സമ്മതിച്ചുകൊള്ളുന്നു.

പ്രസിഡന്റിന്റെ/ ചെയർമാന്റെ ഒപ്പ്

സെക്രട്ടറിയുടെ/ മാനേജിംഗ് ഡയറക്ടറുടെ ഒപ്പ്

സ്ഥലം :

തീയതി :

മേൽപ്പറഞ്ഞ വിവരങ്ങൾ സംഘത്തിന്റെ രേഖകൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

യൂണിറ്റ് ഇൻസ്പെക്ടർ　　　　അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)

മേലൊപ്പ്

ജോയിന്റ് രജിസ്ട്രാർ(ജനറൽ)

ഡി.

പകർപ്പ് :-

എല്ലാ ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർമാർക്കും.

എല്ലാ ജനറൽ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർമാർക്കും.

ഐ.റ്റി.സെക്ഷൻ - വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്

സ്റ്റോക്ക് ഫയൽ.